കൺസ്യൂമർഫെഡിലെ അഴിമതി

185 (552) ഡോ. കെ. ടി. ജലീൽ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ നിലവിലെ അവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; സാർവ്വത്രികമായ അഴിമതിയും ദുർവ്യയവും കൺസ്യൂമർഫെഡിന്റെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഭരണസമിതിക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കൺസ്യൂമർഫെഡിന്റെ നിലവിലെ ആസ്തി ബാദ്ധ്യതകളെ സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) കൺസ്യൂമർഫെഡിൽ നടന്ന അഴിമതികൾക്കും ക്രമക്കേടുകൾക്കും എതിരെ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1) (ഡി) പ്രകാരവും 2011-ലെ 97-ാം ഭരണഘടനാഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25-9-2015-ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഫെഡറേഷന്റെ ഘടന, പ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിനും സഹകരണ സംഘം രജിസ്ട്രാർ അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

777/2019

LIBRARY ARCHIVES Kerala Legislative Assembly

(സി) കൺസ്യൂമർഫെഡിന്റെ നിലവിലെ ആസ്തി/ബാദ്ധ്യതാ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) കൺസ്യൂമർഫെഡിൽ അഴിമതിയും ക്രമക്കേടും നടന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച് സഹകരണ നിയമ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉത്തരവ് ആയിട്ടുള്ളതും അന്വേഷണം ദ്രുതഗതിയിൽ നടന്നുവരികയുമാണ്.

പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ

186 (553) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ എത്ര സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പുനരുദ്ധാരണ ഗ്രാന്റ് നൽകിവരുന്നു. ഒരു സഹകരണ സംഘത്തിന് പരമാവധി 2 ലക്ഷം രൂപ വരെ ഈ ഇനത്തിൽ നൽകാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6 സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

187 (554) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്ന അഴിമതികൾ കണ്ടെത്തി സർക്കാരിന് മാനേജിംഗ് ഡയറക്ടർ നൽകിയ പദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ക്രമക്കേടുകൾ കണ്ടുപിടിച്ച് സർക്കാരിനെ അറിയിച്ച മാനേജിംഗ് ഡയറക്ടർ ടോമിൻ തച്ചങ്കരിയെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായോ ; റിപ്പോർട്ട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly